പതിമൂന്നാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 2971**

**15/12/2015 ൽ മറുപടിയ്ക്ക്**

## സാങ്കേതികസർവ്വകലാശാല

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി<br>ശ്രീ. പി. ഉബൈദുള്ള<br>ശ്രീ. പി. കെ. ബഷീർ<br>ശ്രീ. സി. മോയിൻ കുട്ടി | ശ്രീ. പി. കെ. അബ്ദു റബ്ബ്<br>(വിദ്യാഭ്യാസവകുപ്പ് മന്ത്രി) |
| (എ) സാങ്കേതികസർവ്വകലാശാലയുടെ രൂപീകരണം സാങ്കേതിക വിദ്യാഭ്യാസ രംഗത്ത് ഉണ്ടാക്കിയ മാറ്റത്തെക്കുറിച്ച് വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ; | (എ) സാങ്കേതികസർവ്വകലാശാല, എഞ്ചിനിയറിംഗ് ബിരുദ വിദ്യാഭ്യാസ മേഖലയിൽ സംസ്ഥാനത്തുടനീളം അന്താരാഷ്ട്ര മാനദണ്ഡങ്ങൾക്കനുസരിച്ചുള്ള ഏകീകൃത സിലബസ്സും, പാഠ്യപദ്ധതി പ്രവർത്തനങ്ങൾക്കായി ഒരു പൊതു അക്കാദമിക് കലണ്ടറും പ്രസിദ്ധീകരിച്ച് എഞ്ചിനീയറിംഗ് വിദ്യാഭ്യാസ രംഗത്ത് സമൂലമായ പരിവർത്തനത്തിനുള്ള നടപടികളുമായി മുന്നോട്ട് പോകുന്നു. |
| (ബി) അഡ്മിഷൻ കാര്യത്തിലുണ്ടായ അനുകൂലപ്രതികരണം കോളേജുകളുടെ പഠനനിലവാരം ഉയർത്താനുള്ള ശ്രമങ്ങൾക്ക് സഹായകരമാകുമെന്ന് കരുതുന്നുണ്ടോ; | (ബി) ഉണ്ട്. |
| (സി) എങ്കിൽ ഇക്കാര്യത്തിൽ എന്തൊക്കെ നടപടികളാണ് സർവ്വകലാശാല സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ? | (സി) പഠനനിലവാരം ഉയർത്തുന്നതിന് 'അക്കാദമിക് ആഡിറ്റിംഗ്', കോളേജുകളുടെ ഭൗതീക സാഹചര്യങ്ങൾ കാലാകാലങ്ങളിൽ വിലയിരുത്തൽ, അദ്ധ്യാപകരുടെ പരിശീലനം, തുടങ്ങിയ നടപടികൾ സർവ്വകലാശാല കൈക്കൊണ്ടു വരുന്നു. |

സെക്ഷൻ ഓഫീസർ